# ജി. എച്ച്. എസ്. എൽ. പി. എസ് പെരിങ്ങോട്ടുകര

## സ്കൂൾ ചരിത്രം:

1891 ൽ സ്ഥാപിതമായ ഈ വിദ്യാലയം തൃശ്ശൂർ ജില്ലയിൽ അന്തിക്കാട് ബ്ലോക്കിൽ ഉൾപ്പെട്ട താന്ന്യം ഗ്രാമപഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

പെരിങ്ങോട്ടുകരയിലും സമീപപ്രദേശങ്ങളിലും വിജ്ഞാനത്തിന്റെ പ്രകാശം പരത്തികൊണ്ട് ഒരു സമൂഹത്തിന്റെ ഉന്നമനത്തിന് വഴിതെളിയിച്ച ഈ വിദ്യാലയം അനവധി ചരിത്രമുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ആദ്യം പ്രൈമറിയായി ആരംഭിച്ച വിദ്യാലയം പിന്നീട് ഹൈസ്ക്കൂളായും ഹയർസെക്കന്ററിയുമായി ഉയർത്തപ്പെട്ടു. 1962 ൽ വിദ്യാർത്ഥികളുടെ ബാഹുല്യം നിമിത്തം പ്രൈമറി വിഭാഗത്തെ ഹൈസ്ക്കൂളിൽ നിന്ന് വേർപ്പെടുത്തി ജി. എച്ച് എസ്. എൽ. പി. എസ് പെരിങ്ങോട്ടുകര എന്ന പേരിൽ തനതു വ്യക്തിത്വമുള്ള വിദ്യാലയമാക്കി മാറ്റി.

വിദ്യാദാനത്തിന്റെ ഒരു നീണ്ട കാലഘട്ടം ഈ സ്ഥാപനം പിന്നിട്ടു കഴിഞ്ഞു. ഇവിടെനിന്ന് പഠിച്ചുപോയി ജീവിതത്തിന്റെ നാനാതുറകളിൽ വ്യക്തിമുദ്രപതിപ്പിച്ച നിരവധിപേരുണ്ട്.

വിദ്യാഭ്യാസം കച്ചവടമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും ഈ വിദ്യാലയത്തെ കരുതലോടെ കാത്തുസൂക്ഷിക്കുവാൻ സേവനസന്നദ്ധരായ പി. ടി. എ, എം. പി .ടി. എ, വികസനസമിതി,പൂർവ വിദ്യാർത്ഥി സംഘടന അംഗങ്ങൾ ഒറ്റക്കെട്ടായി യത്നിക്കുന്നു.

ശിശു സൗഹാർദ അന്തരീക്ഷവും, മികച്ച ഭൗതിക സാഹചര്യങ്ങളും, നൂതന പഠനരീതികളും ഈ വിദ്യാലയത്തെ മികവുറ്റതാക്കുന്നു.